**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 626 02.12.2014- ൽ മറുപടിക്ക്**

**"പുതിയ യുവ സംരംഭങ്ങൾ"**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനതയെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ യുവസംരംഭകത്വനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നയത്തിന്റെ മുഖ്യ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | എ) & ബി) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവ ജനതയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2012-ൽ സംസ്ഥാന സർക്കാരിന്റെ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പ്രോഗ്രാം പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംരംഭകത്വത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥി യുവസംരംഭകർക്കായി 20% ഹാജരും 4% ഗ്രേസ് മാർക്കും നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിനുപുറമേ കേരള സർക്കാരിന്റെ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസിയുടെ കരട് രൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത കരട് രൂപരേഖ പ്രകാരം സർക്കാർ യുവസംരംഭകർക്കായി സംസ്ഥാനമൊട്ടാകെ ഇൻക്യുബേഷൻ സൗകര്യങ്ങളും, പ്ലഗ് ആന്റ് പ്ലേ സൗകര്യങ്ങളും നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമേ എല്ലാ പേർക്കും ഉപയോഗിക്കുന്നതിനായി ക്ലൗഡ് സെർവ്വറും, വിദ്യാർത്ഥികളുടെ ഫൈനൽ ഇയർ പ്രോജക്ടുകൾ യുവ സംരംഭമായി മാറ്റുന്നതിനുള്ള അവസരവും ഈ രൂപരേഖയിൽ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ കേരളത്തിലെ യുവസംരംഭകർക്കായി ഒരു ലീഡർഷിപ്പ് അക്കാദമിയും, ഇന്നോവേഷൻ സോണും തുടങ്ങുവാനുള്ള പദ്ധതികളും യുവസംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി സീഡ് ഫണ്ടിങ്ങ് സഹായവും ഈ കരട് നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത നയം വഴി സേവന-വ്യവസായ-തൊഴിൽ മേഖലകളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**